# റവ. ഡോ. സി.ടി. ഈപ്പൻ മെമ്മോറിയൽ സെന്റ്. തോമസ് വൊക്കേഷണൽ ഹയർസെക്കണ്ടറി സ്കൂൾ

പന്നിവിഴ, ആനന്ദപ്പള്ളി. പി.ഒ., അടൂർ

2025-26

# ഇനിയും മുന്നേറാം

## അക്കാദമിക മാസ്റ്റർപ്ലാൻ





## ഉള്ളടക്കം


| ക്രമ. നം. | ശീർഷകം | പേജ് നം. |
|---|---|---|
| 1. | ആമുഖം | 2 |
| 2. | അടിസ്ഥാനവിവരങ്ങൾ | 2 |
| 3. | വിദ്യാലയത്തിന്റെ ലഘുചരിത്രം | 3 |
| 4. | ലക്ഷ്യങ്ങൾ | 4 |
| 5. | വിദ്യാലയത്തെ മികവിന്റെ കേന്ദ്രമാക്കൽ - കാഴ്ചപ്പാട് | 4 |
| 6. | പദ്ധതി രൂപീകരണ പ്രക്രിയ - വിവിധ ഘട്ടങ്ങൾ | 5 |
| 7. | നിലവിലെ അവസ്ഥാ വിശകലനം | 5-6 |
| 8. | മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ | 7 |
| 9. | പദ്ധതി വിശദാംശങ്ങൾ - (മേഖല, ഉപമേഖല,ലക്ഷ്യം,പ്രവർത്തനങ്ങൾ, കാലം, ചുമതല, സാമ്പത്തിക വിശകലനം) | 8-29 |
| 10. | പ്രതീക്ഷിത നേട്ടങ്ങൾ | 30 |
| 11. | മോണിട്ടറിംഗ് | 30 |
| 12. | ഉപസംഹാരം | 30 |


## അനുബന്ധം


| | | |
|---|---|---|
| 1. | വിദ്യാലയത്തിൻറെ സ്കെച്ച്, സൈറ്റ് പ്ലാൻ, ജൈവവൈവിധ്യ പാർക്ക് രൂപരേഖ | 31-37 |
| 2. | മികവുകൾ, നേട്ടങ്ങൾ | 38 |
| 3. | കുട്ടികളുടെ എണ്ണം | 39 |
| 4. | അദ്ധ്യാപകർ അനദ്ധ്യാപകർ - പൊതു വിവരങ്ങൾ | 40 |
| 5. | നിലവിലുള്ള കമ്മിറ്റികൾ. | 41 |
| 6. | ക്ലബ്ബുകൾ | 41 |

## ആമുഖം

വിദ്യാലയത്തിന്റെ സമഗ്രമായ വികസനവും കുട്ടികളുടെ വിദ്യാഭ്യാസ പുരോഗതിയും ലക്ഷ്യമാക്കിയുള്ള പ്രവർത്തനങ്ങളുടെ ഏകോപനത്തിനായാണ് ഈ മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നത്. നിശ്ചിതകാലയളവിനുള്ളിൽ പ്രസ്തുതലക്ഷ്യങ്ങൾ നേടിയെടുക്കുന്ന തരത്തിലുള്ള പ്രവർത്തനങ്ങളാണ് ഇതിൽ ആസൂത്രണം ചെയ്തിരിക്കുന്നത്.

## അടിസ്ഥാന വിവരങ്ങൾ

| | | | |
|---|---|---|---|
| 1. | വിദ്യാലയത്തിന്റെ പേര്<br>വിലാസം | : | റവ.ഡോ. സി.റ്റി.ഇ.എം. സെന്റ്. തോമസ് വി.എച്ച്.എസ്.എസ്., പന്നിവിഴ, ആനന്ദപ്പള്ളി. പി.ഒ., അടൂർ, പത്തനംതിട്ട - 691525. |
| | ഫോൺ | : | 04734-229600, 220969 |
| 2. | സ്കൂൾ കോഡ് | : | 38002 (എച്ച്.എസ്),<br>0422 (വി.എച്ച്.എസ്.) |
| 3. | വിദ്യാഭ്യാസ ഉപജില്ല | : | അടൂർ |
| 4. | വിദ്യാഭ്യാസ ജില്ല | : | പത്തനംതിട്ട |
| 5. | റവന്യൂജില്ല | : | പത്തനംതിട്ട |
| 6. | ബി.ആർ.സി. | : | അടൂർ |
| 7. | സി.ആർ.സി. | : | അടൂർ |
| 8. | മുൻസിപ്പാലിറ്റി | : | അടൂർ |
| 9. | ബ്ലോക്ക് പഞ്ചായത്ത് | : | പറക്കോട് |
| 10. | ജില്ലാ പഞ്ചായത്ത് | : | പത്തനംതിട്ട |
| 11. | നിയമസഭാ മണ്ഡലം | : | അടൂർ |
| 12. | ലോക്സഭാ മണ്ഡലം | : | പത്തനംതിട്ട |
| 13. | താലൂക്ക് | : | അടൂർ |
| 14. | വില്ലേജ് | : | അടൂർ |
| 15. | ഇ-മെയിൽ | : | st.thomas.pan38002@gmail.com |
| | സമേതം | : | sametham.kite.kerala.gov.in/38002 |
| | ബ്ലോഗ് | : | http://ctemstthomas.blogspot.in |
| | സ്കൂൾ വിക്കി | : | പത്തനംതിട്ട(റവന്യൂ ജില്ല) പത്തനംതിട്ട (വിദ്യാഭ്യാസ ജില്ല) റവ. ഡോ. സി.റ്റി.ഇ.എം. സെന്റ്. തോമസ്. വി.എച്ച്.എസ്.എസ്., പന്നിവിഴ. |

## എന്റെ വിദ്യാലയം

അടൂർ പട്ടണത്തിൽ പന്നിവിഴ ഗ്രാമത്തിന്റെ തിലകച്ചാർത്തായി സ്ഥിതിചെയ്യുന്ന വിദ്യാലയമാണ് ഡോ. സി.റ്റി.ഇ.എം. സെന്റ്.തോമസ് വി.എച്ച്.എസ്.എസ്. പന്നിവിഴയിലെ നിർ ദ്ധനരായ ജനങ്ങളുടെ വിദ്യാഭ്യാസപുരോഗതിയിൽ നാഴികക്കല്ലായി ഈ സ്ഥാപനം പ്രവർത്തിച്ചു വരുന്നു. തെക്ക് കിഴക്കായുള്ള ടി.കെ.എം.വി.യു.പി.സ്കൂൾ, ഗവ. ഈസ്റ്റ് എൽ.പി.എസ്. പന്നിവിഴ എന്നീ വിദ്യാലയങ്ങളും ഈ വിദ്യാലയത്തിനടുത്തായി പ്രവർത്തിച്ചു വരുന്നു. സ്കൂളിനോട് ചേർ ന്ന് ഒരു പ്രൈമറി ഹെൽത്ത് സെന്റർ പ്രവർത്തിക്കുന്നു. ഈ വിദ്യാലയത്തിൽ ഹൈസ്കൂൾ, വി.എച്ച്.എസ്.ഇ വിഭാഗങ്ങളാണുള്ളത്.

## വിദ്യാലയത്തിന്റെ ചരിത്രം

1983 ഒക്ടോബർ മാസത്തിൽ റവ.ഡോ.സി.റ്റി.ഈപ്പനച്ചൻ ദാനമായി തന്ന 4.5 ഏക്കർ സ്ഥലത്ത് മലങ്കര സഭയുടെ സൂര്യതേജസ്സായിരുന്ന കാലം ചെയ്ത പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ കാതോലിക്കാ ബാവയാൽ ഈ സ്കൂൾ സ്ഥാപിതമായി. ഈ സ്കൂളിൻറെ ഇപ്പോഴത്തെ ഉടമസ്ഥാവകാശം കൊല്ലം ഭദ്രാസന മെത്രാപ്പൊലീത്തയായ അഭിവന്ദ്യ സഖറിയാ മാർ അന്തോനിയോസ് തിരുമനസ്സിനാണ്. 2000-ൽ ഈ സ്കൂൾ ഒരു വൊക്കേഷണൽ ഹയർ സെക്കണ്ടറിയായി ഉയർത്തപ്പെട്ടു. സിവിൽ കൺസ്ട്രക്ഷൻ & ടെക്നോളജി, അഗ്രിക്കൾചർ ക്രോപ് ഹെൽത്ത് മാനേജ്മെന്റ് എന്നീ കോഴ്സുകളാണ് ഇവിടെ നടന്നു വരുന്നത്.

വിദ്യാഭ്യാസ മേഖലയിൽ 42 വർഷം പിന്നിടുന്ന ഈ വിദ്യാലയം സമൂഹത്തിൽ നിരവധി പ്രതിഭകളെ സമ്മാനിച്ചുകൊണ്ട് വിദ്യാർത്ഥികൾക്ക് സൗജന്യവും മികച്ചതുമായ വിദ്യാഭ്യാസം ഉറപ്പ് നൽകി നിലകൊള്ളുന്നു. വിദ്യാർത്ഥികളുടെ പഠനപുരോഗതിക്ക് സഹായകമാകുന്ന വിധത്തിൽ പഠന മികവു കാട്ടുന്നവർക്ക് ആദരവും വിദ്യാഭ്യാസ സഹായധനവും നൽകി വരുന്നു.

ഹൈസ്കൂൾ മുതൽ വി.എച്ച്.എസ്.സി വരെ വിവിധ ക്ലാസ്സുകളിലായി 227 പഠിതാക്കളുണ്ട്. 2007 മുതൽ തുടർച്ചയായി 18 തവണ (മാർച്ച് 2025 വരെ) എസ്.എസ്.എൽ.സിക്ക് 100% വിജയം കരസ്ഥമാക്കിയ വിദ്യാലയമാണിത്. അടൂർ സബ്ജില്ലയിലെ വൊക്കേഷണൽ ഹയർസെക്കണ്ടറി, ഹയർ സെക്കണ്ടറി മേഖലയിൽ നിർണായക സ്ഥാനം കൈവരിക്കാൻ ഈ വിദ്യാലയത്തിനു കഴിഞ്ഞു. ഈ വർഷം വൊക്കേഷണൽ ഹയർസെക്കണ്ടറി വിഭാഗത്തിൽ 2 ഫുൾ എപ്ലസും ഹൈസ്കൂൾ വിഭാഗത്തിൽ 6 കുട്ടികൾ ഫുൾ എപ്ലസ്സും 5 കുട്ടികൾ 9 എപ്ലസ്സും കരസ്ഥമാക്കി.

## ലക്ഷ്യങ്ങൾ

1) സൗജന്യവും മികച്ചതുമായ വിദ്യാഭ്യാസം സമസ്ത ജനവിഭാഗങ്ങൾക്കും ഉറപ്പു വരുത്തും. പ്രാദേശിക അടിസ്ഥാനത്തിൽ സമ്പൂർണ അടിസ്ഥാന വിദ്യാഭ്യാസത്തിനുള്ള സൗകര്യം ഒരുക്കും.
2) ജീവിതത്തിലും എ പ്ലസ് നേടുവാൻ ഓരോ വിദ്യാർത്ഥിയെയും പ്രാപ്തനാക്കും.
3) ഓരോ ഘട്ടത്തിലും വിദ്യാർത്ഥി നേടേണ്ട അറിവും കഴിവും നേടിയെടുക്കാൻ പ്രാപ്തനാക്കുകയും നേടി എന്ന് ഉറപ്പു വരുത്തുകയും ചെയ്യും.
4) കാലാനുസൃതമായ മികവുകൾ കൈവരിക്കുന്നതിന് കുട്ടികളെ പരിശീലിപ്പിക്കും.
5) മികച്ച വ്യക്തിത്വ രൂപീകരണത്തിന് അനുസൃതമായ വിദ്യാലയ അന്തരീക്ഷം സംജാതമാക്കും.
6) അക്കാദമിക മികവിന് ഉപകരിക്കുന്ന തരത്തിൽ ദീർഘവീക്ഷണത്തോടെ പശ്ചാത്തല സൗകര്യം വർദ്ധിപ്പിക്കും.
7) ലഹരിയുടെ ദൂഷ്യവശങ്ങളെ ബോധ്യപ്പെടുത്തി ലഹരിവിമുക്തമായ തലമുറയെ വാർത്തെടുക്കും.
8) എല്ലാ കുട്ടികളെയും അടിസ്ഥാനഭാഷകൾ സംസാരിക്കുവാനും വായിക്കുവാനും എഴുതുവാനും പ്രാപ്തരാക്കും.
9) ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് അർഹമായ പരിഗണന നൽകി സാമൂഹിക ജീവിതത്തിന് പ്രാപ്തരാക്കുന്ന വിധത്തിലുള്ള വിദ്യാലയ അന്തരീക്ഷം രൂപീകരിക്കും.
10) അദ്ധ്യാപനവും, അദ്ധ്യയനവും സർഗ്ഗാത്മകവും രസകരവുമാക്കുന്നതിന് ഉപകരിക്കുന്ന വിധത്തിലുള്ള വിവിധ പ്രവർത്തനങ്ങൾ രൂപപ്പെടുത്തും.

## വിദ്യാലയത്തെ മികവിന്റെ കേന്ദ്രമാക്കൽ - കാഴ്ചപ്പാട്

1) പാഠ്യ - പാഠ്യേതര പ്രവർത്തനങ്ങളിൽ സജീവ താത്പര്യത്തോടെ കുട്ടികൾപങ്കെടുക്കുന്ന വിദ്യാലയ അന്തരീക്ഷം സൃഷ്ടിക്കൽ.
2) സഹജീവി സ്നേഹം, ദീനാനുകമ്പ, സേവന മനോഭാവം, ശുചിത്വം തുടങ്ങിയ മൂല്യങ്ങളും മനോഭാവങ്ങളും രൂപപ്പെടുത്തുന്നതിനുള്ള സാഹചര്യമൊരുക്കൽ.
3) പാർശ്വവൽക്കരിക്കപ്പെട്ടവർക്ക് പ്രത്യേക പരിഗണനയും പങ്കാളിത്തവും ഒരുക്കുന്ന വിദ്യാലയ അന്തരീക്ഷം സൃഷ്ടിക്കൽ.
4) ലഹരിയുടെ ദൂഷ്യവശങ്ങളെ ബോധ്യപ്പെടുത്തി ലഹരിവിമുക്തമായ സമൂഹത്തെ സൃഷ്ടിക്കുന്നതിൽ വിദ്യാർത്ഥികളുടെ പങ്കാളിത്തം ഉറപ്പാക്കും.
5) സാമൂഹിക നന്മ മുൻനിർത്തിയുള്ള പ്രവർത്തനങ്ങൾ വിദ്യാലയത്തിൽ സംഘടിപ്പിക്കും.

## പദ്ധതി രൂപീകരണ പ്രക്രിയ

1) എസ്. ആർ.ജി. യോഗത്തിൽ - റവ. ഡോ. സി. റ്റി. ഇ. എം. സെന്റ്. തോമസ് സ്കൂളിലെ 'ഇനിയും മുന്നോട്ട്' എന്ന വികസന രേഖ അവതരിപ്പിക്കലും ചർച്ചയും.
2) വികസനാവശ്യങ്ങൾ ക്ലാസ്സ്/ വിഷയം അടിസ്ഥാനത്തിൽ ഭൗതികം - അക്കാദമികം - സാമൂഹികം എന്നിവയെ ഹ്രസ്വകാലം - മധ്യകാലം - ദീർഘകാലം എന്നിങ്ങനെ തിരിച്ച് കരട് രൂപരേഖ തയ്യാറാക്കൽ.
3) കരട് രൂപരേഖ SRG, SMC, PTA, MPTA, SDC രാഷ്ട്രീയ സംഘടനാ പ്രതിനിധികൾ, ജനപ്രതിനിധികൾ തുടങ്ങിയവരടങ്ങുന്ന ശില്പശാലയിൽ അവതരിപ്പിക്കൽ.
4) ശില്പശാലയിൽ ഉയർന്നു വന്ന നിർദ്ദേശങ്ങൾ കൂട്ടിച്ചേർക്കൽ.
5) പി.ടി.എ. നേതൃത്വത്തിൽ ക്രോഡീകൃത പദ്ധതിരേഖ തയ്യാറാക്കൽ.

## നിലവിലെ അവസ്ഥാ വിശകലനം -

### എ) ഭൗതികം - നേട്ടങ്ങൾ

1. എല്ലാ ക്ലാസ്സുറികളിലും ഹൈടെക് സംവിധാനം ക്രമീകരിച്ചു. എല്ലാ ക്ലാസ്മുറികളും ടൈലിട്ടതും ഫാൻ, ലൈറ്റ് എന്നിവയുള്ളതുമാണ്.
2. കുട്ടികൾക്കായി ആധുനിക രീതിയിലുള്ള മെച്ചപ്പെട്ടതും ഗേൾസ് ഫ്രണ്ട്ലിയുമായ ടോയ്ലറ്റ് സമുച്ചയം (എക്സോസ്റ്റർ ഫാൻ, വാഷ് ബേസിൻ, യൂറോപ്യൻ & ഇൻഡ്യൻ ക്ലോസറ്റ്, സാനിട്ടറി നാപ്കിൻ ഡിസ്പോസർ) നിർമ്മിച്ചു.
3. മികച്ച ശബ്ദസംവിധാനത്തോടു കൂടിയ ഹാൾ (ലൈറ്റുകളും ഫാനുകളുമുള്ളത്).
4. 1800 ലധികം പുസ്തകങ്ങളോടു കൂടിയ വായനാ സൗകര്യമുള്ള ലൈബ്രറി (അടച്ചു പൂട്ടുള്ള മികച്ച ഷെൽഫുകൾ, ഫാൻ & ലൈറ്റ് സംവിധാനം).
5. കുട്ടികൾക്ക് വൃത്തിയുള്ളതും രുചികരവുമായ ഉച്ചഭക്ഷണം ലഭ്യമാക്കുന്നതിനുള്ള അടുക്കള ഫുഡ്ക്ലബ്ബിന്റെ മേൽനോട്ടത്തിൽ.
6. വിശാലമായ കളിസ്ഥലം.
7. ആധുനിക സൗകര്യങ്ങളോടു കൂടിയ കമ്പ്യൂട്ടർ ഐ.ടി. ലാബ്.
8. വിവിധ സ്ഥലങ്ങളിലേക്ക് സുരക്ഷിതമായ യാത്രാ സൗകര്യം.
9. കുട്ടിയെ സംബന്ധിച്ച വിവരങ്ങൾ കൃത്യമായി രക്ഷിതാക്കളെ അറിയിക്കുന്നതിനായി എസ്.എം.എസ്, ഡയറി, കോൾ കോണ്ടാക്ട് സംവിധാനവും ഹെൽപ് ഡെസ്കും.
10. സോഷ്യൽ ഫോറസ്ട്രിയുടെ ഭാഗമായി വൃക്ഷത്തൈകൾ നട്ട് പരിപാലിച്ചു വരുന്നു.
11. സ്കൂൾ കോംപൗണ്ടിന് ചുറ്റും വയർ ഫെൻസിംഗും പ്രവേശന കവാടവും സ്ഥാപിച്ചു.
12. സ്കൂൾ ബസ്സിനായി ഷെഡ് നിർമ്മിച്ചു.

## ബി) ഭൗതികം - പരിമിതികൾ

1) ചുറ്റുമതിൽ.
2) കൂടുതൽ വിശാലമായ ഓഡിറ്റോറിയം.
3) പ്രത്യേകം ഊട്ടുപുര നിർമ്മിക്കേണ്ടതുണ്ട്.
4) ആകർഷകമായ രീതിയിൽ പൂന്തോട്ടം, ജൈവ വൈവിധ്യപാർക്ക് എന്നിവ നിർമ്മിക്കേണ്ടതുണ്ട്.
5) കായിക ഇനങ്ങളുടെ ആവശ്യാനുസരണം കളിസ്ഥലത്തെ പുനഃക്രമീകരിക്കേണ്ടതാണ്.

## സി) അക്കാദമികം - നേട്ടങ്ങൾ

1) തുടർച്ചയായ 18 വർഷങ്ങളിൽ (മാർച്ച് 2025 വരെ) എസ്.എസ്.എൽ.സി.പരീക്ഷയിൽ 100% വിജയം നിലനിർത്തുന്നു.
2) കലാ കായിക ശാസ്ത്രമേളകളിൽ ജില്ലാ ഉപജില്ലാ തലങ്ങളിലെ വിജയം.
3) എൻ.എസ്.എസ്., നല്ലപാഠം, എം.ജി.ഒ.സി.എസ്.എം. ക്ലബ്ബുകളുടെ ആഭിമുഖ്യത്തിൽ ജീവകാരുണ്യ പ്രവർത്തനങ്ങൾ നടത്തുന്നു.
4) മാതൃകാപരമായ രീതിയിൽ ഇൻറർ സ്കൂൾ ക്വിസ് കോംപറ്റീഷനും എക്സിബിഷനും നടത്തുന്നു.
5) സ്കോളർഷിപ്പ് പരീക്ഷകളിലെ വിജയം.
6) പെൺകുട്ടികൾക്കും ആൺകുട്ടികൾക്കുമായി പ്രത്യേക കൗൺസലിംഗ് ക്ലാസ്സുകൾ. പഠനത്തിൽ കുട്ടികൾക്കൊരു കൈത്താങ്ങാവാൻ മാനേജ്മെന്റ്, അദ്ധ്യാപകർ, വിവിധ സംഘടനകൾ, പൂർവ്വവിദ്യാർത്ഥികൾ എന്നിവർ ഏർപ്പെടുത്തിയിരിക്കുന്ന സ്കോളർഷിപ്പുകൾ.
7) എസ്.എസ്.എൽ.സി. പരീക്ഷ പ്രത്യേക പരിശീലനവും നൈറ്റ് ക്ലാസ്സുകളും.
8) പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കായി അക്ഷരക്കളരി, നവപ്രഭ, ശ്രദ്ധ തുടങ്ങിയ പ്രത്യേക ക്ലാസ്സുകൾ.
9) വിദഗ്ധർ നയിക്കുന്ന കരിയർ ഗൈഡൻസ് ക്ലാസ്സുകൾ.
10) കലാകായിക മേഖലകളിൽ പ്രത്യേക പരിശീലനം.

## മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ ഒറ്റനോട്ടത്തിൽ.

| **അക്കാദമികം** | **ഭൗതികം** | **സാമൂഹികം** |
|---|---|---|
| ഭാഷാശേഷി വികസനം | ചുറ്റുമതിൽ | പി.ടി.എ. ശക്തിപ്പെടുത്തൽ എസ്.എം.സി./ എസ്.എം.ഡി.സി. പ്രവർത്തനം കാര്യക്ഷമമാക്കൽ |
| ഗണിതശേഷി വകസനം | കളിസ്ഥല ക്രമീകരണം | വിദ്യാലയ വികസന സമിതി |
| ഇംഗ്ലീഷ് പഠന പരിപോഷണം | കമ്പ്യൂട്ടർ & മൾട്ടിമീഡിയ റൂം | പൂർവവിദ്യാർത്ഥി സംഘടനയുടെ പ്രവർത്തനം |
| ശാസ്ത്രപോഷണ പരിപാടി | ലൈബ്രറി വികസനം | |
| വായനാ പരിപോഷണം | ഭിന്നശേഷിയുള്ളവർക്കായി പ്രത്യേക ക്രമീകരണങ്ങൾ | ഗ്രന്ഥശാലകൾ, ക്ലബ്ബുകൾ സന്നദ്ധസംഘടനകൾ, വിദ്യാഭ്യാസ പ്രവർത്തകർ, സഹകരണ സ്ഥാപനങ്ങൾ, വ്യവസായ ഗ്രൂപ്പുകൾ, എന്നിവയുടെ സേവനം പ്രയോജനപ്പെടുത്തൽ |
| ലൈബ്രറി ശാക്തീകരണം | അടുക്കള വികസനം | പൂർവ അധ്യാപകരുടെ കൂട്ടായ്മ. |
| പ്രതിഭാപോഷണ പരിപാടി | ഡൈനിംഗ് ഹാൾ | ക്ലാസ് പി.ടി.എ. മാതൃകാപരമാക്കുന്നതിനുള്ള നടപടികൾ |
| നാടക കളരി | അസംബ്ലി ഹാൾ | വിദ്യാലയ മികവുകൾ പൊതുസമൂഹവുമായി പങ്കിടൽ |
| ജൈവ വൈവിധ്യപാർക്ക് | കുടിവെള്ള വിതരണം വിപുലമാക്കൽ | വിദ്യാലയ വിഭവങ്ങൾ സമൂഹത്തിനു പ്രയോജനപ്പെടുത്തൽ |
| സാഹിത്യപോഷണ പരിപാടികൾ | മാലിന്യ സംസ്കരണം | രക്ഷിതാക്കൾക്കായി അവധി സമയങ്ങളിൽ കമ്പ്യൂട്ടർ പരിശീലനം |
| കലാകായിക പരിശീലനങ്ങൾ | ലബോറട്ടറി വികസനം | ഗൃഹസമ്പർക്ക പരിപാടി |
| ചിത്രരചനാ പരിശീലനം | സാംസാകാരിക, ശാസ്ത്ര, ചരിത്ര ഫോട്ടോ ഗാലറി | സാമൂഹിക ബോധവത്കരണ പരിപാടി |
| സ്കൂൾ പത്രം / മാസിക | സ്കൂൾ റേഡിയോ ക്ലബിനുള്ള സൗകര്യങ്ങൾ | |
| ശാസ്ത്രാഭിരുചി വളർത്തൽ | ആധുനിക സൗകര്യങ്ങളുള്ള സ്കൂൾ കെട്ടിടങ്ങൾ | |
| രചനാ ശിൽപശാല | ഗണിതലാബ്, ഗണിതാന്തരീക്ഷമൊരുക്കൽ | |
| മെഡിക്കൽ ക്യാമ്പ് | | |
| പോഷകാഹാര പരിപാടി | | |
| യോഗ പരിശീലനം | | |
| ഇൻഷുറൻസ് പരിരക്ഷ | | |
| ഗവേഷണാത്മകമായ പ്രവർത്തനങ്ങള് | | |

# ഇംഗ്ലീഷ്

## പ്രവർത്തനം - 1

പ്രവർത്തനത്തിന്റെ പേര് : ലിസൺ ഇംഗ്ലീഷ്
ഉപമേഖല : ഇംഗ്ലീഷ് ഭാഷാ പഠനം
കാലം : ദീർഘം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഭാഷ കേൾക്കുന്നതിനും മനസ്സിലാക്കുന്നതിനുമുള്ള കഴിവ് വർദ്ധിപ്പിക്കുക. | ഇംഗ്ലീഷ് ഭാഷയിൽ കഥകൾ കേൾക്കാനുള്ള അവസരം, വീഡിയോ, ഷോർട്ട് ഫിലിം എന്നിവയിലൂടെ ഇംഗ്ലീഷ് ഭാഷയിൽ ആശയങ്ങൾ ഗ്രഹിക്കുന്നു. | ആഴ്ചയിൽ 2 ദിവസം. | ക്ലാസ് ടീച്ചർ<br><br>ഇംഗ്ലീഷ് ക്ലബ്ബ് | - |

## പ്രവർത്തനം - 2

പ്രവർത്തനത്തിന്റെ പേര് : സ്പീക്ക് ഇംഗ്ലീഷ്
ഉപമേഖല : ഇംഗ്ലീഷ് ഭാഷാ പഠനം
കാലം : ദീർഘം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഭാഷയിൽ ആശയ വിനിമയം നടത്തുന്നതിനുള്ള ശേഷി വർദ്ധിപ്പിക്കുക. | റോൾ പ്ലേ, സ്റ്റോറി ടെല്ലിംഗ്, ഡിബേറ്റ്, പാനൽ ഡിസ്കഷൻ എന്നിവ ക്ലാസ് തലത്തിലും, സ്കൂൾ തലത്തിലും നടത്തുന്നു. | 2 ആഴ്ചയിൽ 1 ദിവസം. | ക്ലാസ് ടീച്ചർ<br><br>ഇംഗ്ലീഷ് ക്ലബ്ബ് | - |

## പ്രവർത്തനം - 3

പ്രവർത്തനത്തിന്റെ പേര് : റീഡ് ഇംഗ്ലീഷ്
ഉപമേഖല : ഇംഗ്ലീഷ് ഭാഷാ പഠനം
കാലം : ദീർഘം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് ഭാഷയിലെ രചനകൾ വായിക്കുന്നതിനും മനസ്സിലാക്കുന്നതിനുമുള്ള കഴിവും താത്പര്യവും വർദ്ധിപ്പിക്കുന്നു. | ക്ലാസ് തലത്തിൽ ഇംഗ്ലീഷ് കോർണർ സ്ഥാപിച്ച് റീഡിംഗ് മെറ്റീരിയൽസ് (പുസ്തകങ്ങൾ, മാഗസിൻ, ന്യൂസ് പേപ്പർ) നൽകുന്നു. | പ്രതിദിനം | ക്ലാസ് ടീച്ചർ<br>ഇംഗ്ലീഷ് ക്ലബ്ബ് | 2000/- (പി.ടി.എ., സ്റ്റാഫ് ) |

## പ്രവർത്തനം - 4

പ്രവർത്തനത്തിന്റെ പേര് : റൈറ്റ് ഇംഗ്ലീഷ്
ഉപമേഖല : ഇംഗ്ലീഷ് ഭാഷാ പഠനം
കാലം : ദീർഘം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് ഭാഷയിൽ സ്വന്തമായി രചനകൾ നിർവ്വഹിക്കുന്നതിനുള്ള കഴിവും താത്പര്യവും വർദ്ധിപ്പിക്കുന്നു. | അക്ഷരങ്ങൾ കൃത്യമായി മനസ്സിലാക്കി വാക്കുകളും വാക്യങ്ങളും നിർമ്മിക്കുന്നതിനുള്ള പരിശീലനം നൽകുന്നു. പോസ്റ്റർ, വാൾ മാഗസിൻ ഇവ തയ്യാറാക്കുന്നു. ചെറുകഥകളും കവിതകളും രചിച്ച് അവതരിപ്പിക്കുന്നതിനുള്ള പ്രോത്സാഹനം നൽകുന്നു. | പ്രതിദിനം | ക്ലാസ് ടീച്ചർ<br>ഇംഗ്ലീഷ് ക്ലബ്ബ് | - |

## പ്രവർത്തനം - 5

പ്രവർത്തനത്തിന്റെ പേര് : ഇംഗ്ലീഷ് മാഗസിൻ
ഉപമേഖല : ഇംഗ്ലീഷ് ഭാഷാ പഠനം
കാലം : ദീർഘം

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
|---|---|---|---|---|
| ഇംഗ്ലീഷ് ഭാഷയിൽ സ്വന്തമായി രചനകൾ നിർവ്വഹിക്കുന്നതിനുള്ള കഴിവുള്ളവരെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്നു. | കുട്ടികൾ ഇംഗ്ലീഷ് ഭാഷയിൽ രചിച്ച കഥകൾ, കവിതകൾ, നിരൂപണങ്ങൾ, വിവരണങ്ങൾ എന്നിവ കുട്ടികളുടെ സഹായത്തോടെ ശേഖരിച്ച് ക്രോഡീകരിച്ച് പ്രസിദ്ധീകരിക്കുന്നു. | പ്രതിവർഷം 1 | ക്ലാസ് ടീച്ചർ<br><br>ഇംഗ്ലീഷ് ക്ലബ്ബ്<br><br>ഐ.ടി. ക്ലബ്ബ് | 1000/- (പി.ടി.എ., അധ്യാപകർ) |

# മലയാളം

## പ്രവർത്തനം - 1

പ്രവർത്തനത്തിന്റെ പേര് : സാഹിത്യസംവാദം
ഉപമേഖല : മലയാളഭാഷാ പഠനം
കാലം : ദീർഘം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഭാഷയിലൂടെ വിവിധ ശേഷികളിൽ മികവു നേടുക | പ്രാദേശികമായി ലഭ്യമാകുന്ന എഴുത്തുകാരെ സ്കൂളിലെത്തിക്കൽ, അവരുടെ വായന, എഴുത്ത് അനുഭവങ്ങൾ കുട്ടികളുമായി പങ്കുവെയ്ക്കൽ, പ്രസിദ്ധീകരിക്കൽ | വർഷത്തിൽ 2 പ്രാവശ്യം | അധ്യാപകർ, പി.ടി.എ. | - |

## പ്രവർത്തനം - 2

പ്രവർത്തനത്തിന്റെ പേര് : ഗ്രന്ഥശാലാ ശാക്തീകരണം
ഉപമേഖല : മലയാളഭാഷാ പഠനം
കാലം : ദീർഘം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളെ മികച്ച വായനക്കാരനാക്കുക, വിവിധ സാഹിത്യ രൂപങ്ങൾ പരിചയപ്പെടാൻ അവസരമൊരുക്കുക. | ഗ്രന്ഥശാലയിലേക്ക് കൂടുതൽ പുസ്കങ്ങൾ ഭവനസന്ദർശനത്തിലൂടെ കണ്ടെത്തൽ. പുസ്തകങ്ങൾ വർഗ്ഗീകരിച്ച് ക്രമീകരിക്കൽ, കാറ്റലോഗ്, വിതരണ രജിസ്റ്റർ എന്നിവ ശാസ്ത്രീയമാക്കൽ | വർഷത്തിൽ 1 പ്രാവശ്യം | ലൈബ്രറിയുടെ ചുമതലയുള്ള അധ്യാപകർ | - |

## പ്രവർത്തനം - 3

പ്രവർത്തനത്തിന്റെ പേര് : നാടകക്കളരി
ഉപമേഖല : മലയാളഭാഷാ പഠനം
കാലം : ദീർഘം

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
|---|---|---|---|---|
| ഒരു സാഹിത്യ രൂപത്തെ മറ്റൊരു കലാരൂപത്തിലേക്ക് മാറ്റൽ. | പരിചയപ്പെട്ടിട്ടുള്ള ബാലസാഹിത്യ നോവലുകൾ, ചെറുകഥകൾ എന്നിവയുടെ നാടകാവിഷ്കരണം. | പ്രതിമാസ പ്രവർത്തനം | വിദ്യാരംഗം ക്ലബ്ബ് | - |

## പ്രവർത്തനം - 4

പ്രവർത്തനത്തിന്റെ പേര് : അഭിനയക്കളരി
ഉപമേഖല : മലയാളഭാഷാ പഠനം
കാലം : ദീർഘം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്ത ിക വിശക ലനം |
|---|---|---|---|---|
| സിനിമ, നാടക മേഖലകൾ പരിചയപ്പെടുന്ന തിന് | കുട്ടികളുടെ കൂട്ടായ്മ രൂപീകരിച്ച് നാടക ട്രൂപ്പ്, ഷോർട്ട് ഫിലിം നിർ മ്മാണം, ശില്പശാലകൾ, സിനിമ നാടക സാഹിത്യകാരന്മാരുമായു ള്ള അഭിമുഖം. | 3 മാസം | വിദ്യാരംഗം ക്ലബ്ബ് | - |

# സംസ്കൃതം

## പ്രവർത്തനം - 1

പ്രവർത്തനത്തിന്റെ പേര് : **പ്രതിദിനം സംസ്കൃതം**

ഉപമേഖല : ഭാഷാ പഠനം

കാലം : ഹ്രസ്വം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സംസ്കൃതത്തിലെ പദജ്ഞാനം വർദ്ധിപ്പിക്കൽ | എല്ലാ ദിവസവും 2 സംസ്കൃത പദങ്ങൾ വീതം ഉച്ചാരണത്തോടും മലയാള അർ ത്ഥത്തോടും കൂടി സ്കൂളിലെ പൊതുസ്ഥലത്ത് ബോർഡിൽ എഴുതി പ്രദർശിപ്പിക്കുന്നു. | എല്ലാ ദിവസവും | സംസ്കൃതം ക്ലബ് & സംസ്കൃത അദ്ധ്യാപകൻ | --- |

## പ്രവർത്തനം - 2

പ്രവർത്തനത്തിന്റെ പേര് : **സംസ്കൃത ഗ്രന്ഥശാലാ**

ഉപമേഖല : ഭാഷാപഠന പോഷണം

കാലം : ഹ്രസ്വം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സംസ്കൃതത്തിലെ വിവിധ സാഹിത്യരൂപങ്ങൾ പരിചയപ്പെടാൻ അവസരമൊരുക്കൽ | ഗ്രന്ഥശാലയിലേക്ക് കൂടുതൽ സംസ്കൃത പുസ്തകങ്ങൾ ഭവനസന്ദർ ശനത്തിലൂടെ കണ്ടെത്തി ചേർക്കൽ. പുസ്തകങ്ങൾ വർഗ്ഗീകരിച്ച് ക്രമീകരിക്കൽ. | വർഷത്തിൽ മൂന്ന് പ്രാവശ്യം | സംസ്കൃതം ക്ലബ് & സംസ്കൃത അദ്ധ്യാപകൻ | --- |

## പ്രവർത്തനം - 3

പ്രവർത്തനത്തിന്റെ പേര് : **സംസ്കൃത വിജ്ഞാന സദസ്സ്**

ഉപമേഖല : ഭാഷാ പഠനം

കാലം : ഹ്രസ്വം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സംസ്കൃത ഭാഷാ പഠന പരിപോഷണം | സംസ്കൃതത്തിൽ പാണ്ഡിത്യമുള്ള പ്രഗത്ഭരെ ക്ഷണിച്ചു വരുത്തി ആദരിക്കുകയും സംസ്കൃതത്തിലെ വിവിധ വിഷയങ്ങളെ അടിസ്ഥാനമാക്കി കുട്ടികൾക്കായി അവരുടെ ക്ലാസ് സംഘടിപ്പിക്കുകയും ചെയ്യുന്നു. | വർഷത്തിൽ മൂന്ന് പ്രാവശ്യം | സംസ്കൃതം ക്ലബ് & സംസ്കൃത അദ്ധ്യാപകൻ | **2000/-** സ്പോൺസർ ഷിപ്പ് |

## **പ്രവർത്തനം** - 4

പ്രവർത്തനത്തിന്റെ പേര് : **വൈഖരീ**

മേഖല/ഉപമേഖല : സംസ്കൃതം മാസിക

കാലം : ഹ്രസ്വം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സംസ്കൃത സാഹിത്യ രചനാ വൈഭവം വർദ്ധിപ്പിക്കൽ | കുട്ടികളുടെ സംസ്കൃതത്തിലുള്ള രചനകൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള മാസിക പ്രസിദ്ധീകരിക്കൽ | വർഷത്തിൽ ഒന്ന് | സംസ്കൃത ക്ലബ്, സംസ്കൃത അധ്യാപകൻ, എസ്.ആർ.ജി. | **3000/-** സ്പോൺസർ ഷിപ്പ് |

## **പ്രവർത്തനം** - 5

പ്രവർത്തനത്തിന്റെ പേര് : **സംസ്കൃത വാണീ**

മേഖല/ഉപമേഖല : സംസ്കൃതം വാർത്താ വായന യൂട്യൂബ് ചാനലിലൂടെ

കാലം : ദീർഘം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സംസ്കൃതാഭിരുചിയും അതിലൂടെയുള്ള പത്രപ്രവർത്തന വിജ്ഞാനവും വർദ്ധിപ്പിക്കൽ | സ്കൂൾ തലത്തിലെ പരിപാടികളും, പൊതുകാര്യങ്ങളും ഉൾപ്പെടുത്തിയ വാർത്തകൾ സംസ്കൃതത്തിൽ സ്കൂൾ യൂട്യൂബ് ചാനലിലൂടെ അവതരിപ്പിക്കൽ | രണ്ടു മാസത്തിൽ ഒരിക്കൽ | സംസ്കൃത ക്ലബ്, സംസ്കൃത അധ്യാപകൻ, ലിറ്റിൽ കൈറ്റ്സ് | |

# ഹിന്ദി

## പ്രവർത്തനം - 1

പ്രവർത്തനത്തിന്റെ പേര് : വായനാ കാർഡ്
ഉപമേഖല : ഹിന്ദി ഭാഷാ പഠനം
കാലം : ദീർഘം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഹിന്ദി ഭാഷാ ശേഷി വികാസം | വായനാ കാർഡ് വിവിധ സന്ദർഭങ്ങൾ ഉപയോഗിച്ച് കാർഡ് നിർമ്മാണവും അവതരണവും | ജൂൺ മുതൽ സെപ്റ്റംബർ വരെ | ഹിന്ദി അധ്യാപിക , ഹിന്ദി ക്ലബ്ബ് | - |

## പ്രവർത്തനം - 2

പ്രവർത്തനത്തിന്റെ പേര് : ചിത്രകഥാ നിർമ്മാണം
ഉപമേഖല : ഹിന്ദി ഭാഷാ പഠനം
കാലം : ദീർഘം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഭാഷാ നൈപുണി | പാഠപുസ്തകത്തിലെ വിവിധ സന്ദർഭങ്ങൾ ഉപയോഗിച്ച് ചിത്രകഥാ നിർ മ്മാണം | ജൂൺ മുതൽ നവംബർ വരെ | ഹിന്ദി അധ്യാപിക , ഹിന്ദി ക്ലബ്ബ് | - |

## പ്രവർത്തനം - 3

പ്രവർത്തനത്തിന്റെ പേര് : ദൃശ്യാവിഷ്കാരം
ഉപമേഖല : ഹിന്ദി ഭാഷാ പഠനം
കാലം : ഹ്രസ്വം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഹിന്ദി ഭാഷയിൽ വിവിധ രൂപങ്ങളിൽ ദൃശ്യാവിഷ്കാരം ആസ്വദിക്കുന്നു, സൃഷ്ടിക്കുന്നു. | ചിത്രകഥകളുടെ നാടകീയാവിഷ്കാരം ക്ലാസ് തലത്തിലും സ്കൂൾ തലത്തിലും സംഘടിപ്പിക്കുന്നു. | ജനുവരി മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപിക , ഹിന്ദി ക്ലബ്ബ് | **3000/-** (പി.ടി.എ.) |

## പ്രവർത്തനം - 4

പ്രവർത്തനത്തിന്റെ പേര് : മാഗസിൻ നിർമ്മാണം
ഉപമേഖല : ഹിന്ദി ഭാഷാ പഠനം
കാലം : ദീർഘം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഹിന്ദി രചനാ ശേഷി, സർഗശേഷി എന്നിവയുടെ വികാസം. | കുട്ടികളുടെ വിവിധ രചനകൾ ഉൾ പ്പെടുത്തി മാഗസിൻ തയ്യാറാക്കുന്നു. | ജൂൺ മുതൽ നവംബർ വരെ | ഹിന്ദി അധ്യാപിക , ഹിന്ദി ക്ലബ്ബ് | **5000/-** (പി.ടി.എ.) |

## പ്രവർത്തനം - 5

പ്രവർത്തനത്തിന്റെ പേര് : ഹിന്ദി കോർണർ
ഉപമേഖല : ഹിന്ദി ഭാഷാ പഠനം
കാലം : ദീർഘം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഹിന്ദി രചനകളുടെ വായനാശീലം പ്രോത്സാഹിപ്പിക്കുന്നു. | വിവിധ ഹിന്ദി മാസികകൾ, ഹിന്ദി പത്രങ്ങൾ, ഹിന്ദി പുസതകങ്ങൾ എന്നിവ ക്ലാസ് റൂം ലൈബ്രറിയിൽ ഉൾ പ്പെടുത്തി വായനാ താത്പര്യം വർ ദ്ധിപ്പിക്കുന്നു | ജൂൺ മുതൽ മാർച്ച് വരെ | ഹിന്ദി അധ്യാപിക , ഹിന്ദി ക്ലബ്ബ് | **3000/-** (പി.ടി.എ.) |

# സോഷ്യൽ സയൻസ്

## പ്രവർത്തനം - 1

പ്രവർത്തനത്തിന്റെ പേര് : സാമൂഹികശാസ്ത്ര ലാബ് നവീകരിക്കൽ
ഉപമേഖല : സാമൂഹ്യശാസ്ത്രം
കാലം : ദീർഘം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സാമൂഹ്യശാസ്ത്ര ലാബിനെ സജ്ജീകരിക്കൽ | ലാബിലേക്ക് ആവശ്യമായ ഭൂപടം, ഗ്ലോബ്, അറ്റ്ലസ്, മോഡലുകൾ എന്നിങ്ങനെ ഇനം തിരിച്ച് തയ്യാറാക്കൽ, ഇരിപ്പിടങ്ങൾ സജ്ജമാക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | സോഷ്യൽ സയൻസ് ക്ലബ്ബ് | - |

## പ്രവർത്തനം - 2

പ്രവർത്തനത്തിന്റെ പേര് : ലൈബ്രറി ക്രമീകരണം
ഉപമേഖല : സാമൂഹ്യശാസ്ത്രം
കാലം : ദീർഘം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സാമൂഹിക ശാസ്ത്രത്തിന്റെ ലൈബ്രറി ക്രമീകരിക്കുക. | ലൈബ്രറിയിലേക്ക് ആവശ്യമായ പുസ്തകങ്ങൾ, ലഘുലേഖകൾ, മാഗസിൻ എന്നിവ ക്രമീകരിക്കുക. | വർഷത്തിൽ 1 പ്രാവശ്യം | സോഷ്യൽ സയൻസ് അധ്യാപിക, സോഷ്യൽ സയൻസ് ക്ലബ്ബ് | - |

## പ്രവർത്തനം - 3

പ്രവർത്തനത്തിന്റെ പേര് : സാമൂഹ്യശാസ്ത്ര യാത്രകൾ
ഉപമേഖല : സാമൂഹ്യശാസ്ത്രം
കാലം : ദീർഘം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സാമൂഹിക ശാസ്ത്ര പഠനം രസകരമാക്കുക. | ചരിത്ര പ്രധാന്യമുള്ള സ്ഥലങ്ങൾ സന്ദർശിക്കുക. | വർഷത്തിൽ 1 പ്രാവശ്യം | സോഷ്യൽ സയൻസ് അധ്യാപിക, സോഷ്യൽ സയൻസ് ക്ലബ്ബ്, പി.ടി.എ. | - |

# ഗണിതശാസ്ത്രം

## പ്രവർത്തനം - 1

പ്രവർത്തനത്തിന്റെ പേര് : ഗണിതം ലളിതം
ഉപമേഖല : ഗണിതശാസ്ത്രം
കാലം : ദീർഘം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിതത്തിന്റെ ആവശ്യകത ബോധ്യപ്പെടുത്തൽ, ഗണിത പഠനത്തിൽ കുട്ടികൾക്ക് അഭിരുചി വളർത്തുക, ഗണിതപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | സെമിനാർ സംഘടിപ്പിക്കൽ ഗണിതശാസത്രജ്ഞൻമാരെ പരിചയപ്പെടുത്തൽ ചോദ്യാവലികൾ തയ്യാറാക്കുന്നു പ്രീടെസ്റ്റുകൾ നടത്തുന്നു. മൂല്യനിർണയം നടത്തുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ഗണിത അധ്യാപിക, മാത്സ് ക്ലബ്ബ്. | - |

## പ്രവർത്തനം - 2

പ്രവർത്തനത്തിന്റെ പേര് : ഗണിതാസ്വാദനം
ഉപമേഖല : ഗണിതശാസ്ത്രം
കാലം : ദീർഘം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിത പഠനത്തിൽ കുട്ടികൾക്ക് അഭിരുചി വളർത്തുക | ക്വിസ്, പസ്സിൽ തുടങ്ങിയവ സംഘടിപ്പിക്കുക. ഐ.സി.ടി. അധിഷ്ഠിത ക്ലാസ്സുകൾ, ഐ.സി.ടി ആപ്ലിക്കേഷനുകളുടെ സഹായത്തോടെ ഗണിതപഠനം രസകരമാക്കൽ | ജൂൺ മുതൽ മാർച്ച് വരെ | ഗണിത അധ്യാപിക, മാത്സ് ക്ലബ്ബ്. | - |

## പ്രവർത്തനം - 3

പ്രവർത്തനത്തിന്റെ പേര് : ഗണിതലാബ്
ഉപമേഖല : ഗണിതശാസ്ത്രം
കാലം : ദീർഘം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിതലാബ് സജ്ജീകരിക്കൽ | ലളിതമായ പ്രൊജക്ടുകൾ, വർക്കിംഗ് മോഡലുകൾ, ജ്യാമിതീയ രൂപങ്ങൾ തുടങ്ങിയവ ഉൾപ്പെടുത്തി ഗണിത ലാബ് സജ്ജീകരിക്കുന്നു. | ജൂൺ മാസം | ഗണിത അധ്യാപിക, മാത്സ് ക്ലബ്ബ്. | - |

## പ്രവർത്തനം - 4

പ്രവർത്തനത്തിന്റെ പേര് : ഗണിത നാട്ടറിവ്
ഉപമേഖല : ഗണിതശാസ്ത്രം
കാലം : ദീർഘം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിതശാസ്ത്രത്തിലെ നാട്ടറിവുകൾ കുട്ടികൾക്ക് പകർന്നു നൽകുക. | ഗണിതത്തിന് പ്രാദേശികമായ അറിവുകൾ നേടുന്നതിനായി പുരാതന അളവുതൂക്ക ഉപകരണങ്ങൾ, അളവുകൾ, കാലഗണനം എന്നിവ പരിചയപ്പെടുത്തുന്നു. ലോഹപ്പണിക്കാർ, തച്ചുശാസ്ത്ര വിദഗ്ധർ എന്നിവരുമായുള്ള ചർച്ചകൾ സംഘടിപ്പിക്കുന്നു. | ജൂലൈ മാസം മുതൽ നവംബർ മാസം വരെ | ഗണിത അധ്യാപിക, മാത്സ് ക്ലബ്ബ്. | - |

## പ്രവർത്തനം - 5

പ്രവർത്തനത്തിന്റെ പേര് : ഗണിതയാത്രകൾ
ഉപമേഖല : ഗണിതശാസ്ത്രം
കാലം : ദീർഘം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിതപഠനത്തെ രസകരമാക്കൽ | പ്രകൃതിയുടെ ഗണിത പാറ്റേൺ ആസ്വദിക്കുന്നതിനുള്ള അവസരം. ബാങ്കിംഗ് ഇടപാടുകൾ മനസ്സിലാക്കുന്നതിനുള്ള അവസരമൊരുക്കൽ | ജൂലൈ മാസം മുതൽ നവംബർ മാസം വരെ | ഗണിത അധ്യാപിക, മാത്സ് ക്ലബ്ബ്. | 3000/- (പി.ടി.എ.) |

# സയൻസ് (ഫിസിക്സ്, കെമിസ്ട്രി, )

## പ്രവർത്തനം - 1

പ്രവർത്തനത്തിന്റെ പേര് : ശാസ്ത്രലാബ് നവീകരിക്കൽ
ഉപമേഖല : ശാസ്ത്രം
കാലം : ദീർഘം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രലാബിനെ നവീകരിക്കൽ | സയൻസ് ലാബിലെ വിവിധ ഉപകരണങ്ങളും രാസവസ്തുക്കളും ഫിസിക്സ്, കെമിസ്ട്രി, ബയോളജി എന്നിങ്ങനെ ഇനം തിരിച്ച് ക്രമീകരിക്കൽ, കാറ്റലോഗ് തയ്യാറാക്കൽ, ഇരിപ്പിടങ്ങൾ സജ്ജമാക്കൽ | വർഷത്തിൽ 1 പ്രാവശ്യം | സയൻസ് ക്ലബ്ബ് | - |

## പ്രവർത്തനം - 2

പ്രവർത്തനത്തിന്റെ പേര് : ശാസ്ത്രപോഷണ പരിപാടി
ഉപമേഖല : ശാസ്ത്രം
കാലം : ദീർഘം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രീയ മനോഭാവം രൂപപ്പെടുത്തൽ | ശാസ്ത്രത്തിന്റെ രീതി, ജനപക്ഷ ശാസ്ത്രത്തിന്റെ അനിവാര്യത, ശാസ്ത്രം ജനനന്മയ്ക്ക് എന്നിവ കേന്ദ്രീകരിച്ചുള്ള ക്ലാസ്സുകൾ, സംവാദങ്ങൾ തുടങ്ങിയവ സംഘടിപ്പിക്കുന്നു. | പ്രതിമാസ പരിപാടി | സയൻസ് ക്ലബ്ബ് | 5000/- |

## പ്രവർത്തനം - 3

പ്രവർത്തനത്തിന്റെ പേര് : പ്രതിഭാപോഷണ പരിപാടി
ഉപമേഖല : ശാസ്ത്രം
കാലം : ദീർഘം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പ്രതിഭകൾക്ക് വിദഗ്ധ പരിശീലനവും ക്ലാസ്സുകളും നൽകൽ | ശാസ്ത്രത്തിൽ മികവാർന്ന നിലവാരം പുലർത്തുന്ന കുട്ടികൾക്കായി പ്രത്യേക പരിശീലന ക്ലാസ്സുകൾ ഒഴിവു ദിനങ്ങളിൽ സംഘടിപ്പിക്കൽ. | അവധി ദിവസങ്ങൾ | എസ്.ആർ.ജി. | **3000/-** (സ്പോൺസർ) |

## പ്രവർത്തനം - 4

പ്രവർത്തനത്തിന്റെ പേര് : ശാസ്ത്രയാത്രകൾ
ഉപമേഖല : ശാസ്ത്രം
കാലം : ദീർഘം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രപഠനം രസകരമാക്കൽ | കുസാറ്റിലെ ശാസ്ത്രകേന്ദ്രം, തുമ്പ റോക്കറ്റ് വിക്ഷേപണ കേന്ദ്രം, പ്ലാനറ്റേറിയം, ശാസ്ത്രപ്രദർശനങ്ങൾ, ശാസ്ത്ര പ്രാധാന്യമുള്ള സ്ഥലങ്ങൾ തുടങ്ങിയവ സന്ദർശിക്കുകയും നിരീക്ഷിക്കുകയും ചെയ്യുന്നതിനുള്ള യാത്രകൾ | പ്രതിവർഷം 3 യാത്രകൾ | സയൻസ് ക്ലബ്ബ്, പി.ടി.എ. | **10000/-** (പിടിഎ, സ്പോൺസർ) |

## പ്രവർത്തനം - 5

പ്രവർത്തനത്തിന്റെ പേര് : സയൻസ് ബുള്ളറ്റിൻ ബോർഡ്
ഉപമേഖല : ശാസ്ത്രം
കാലം : ദീർഘം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ദൈനംദിന ശാസ്ത്ര അറിവുകളെ വാർത്തകളെ അപ്ഡേറ്റ് ചെയ്യൽ | വിദ്യാലയത്തിലെ മുഴുവൻ വിദ്യാർത്ഥികൾക്കും വായിക്കുവാൻ സൗകര്യപ്രദമായ ഒരിടത്ത് സയൻസ് ബുള്ളറ്റിൻ ബോർഡ് സ്ഥാപിക്കുകയും എല്ലാ ദിവസത്തേയും പ്രധാനവാർത്തകൾ പ്രദർശിപ്പിക്കുകയും ചെയ്യുക. | എല്ലാ പ്രവൃത്തി ദിവസങ്ങളിലും | സയൻസ് ക്ലബ്ബ് | **1000/-** (പിടിഎ) |

## പ്രവർത്തനം - 6

പ്രവർത്തനത്തിന്റെ പേര് : ലഘു പരീക്ഷണങ്ങൾ
ഉപമേഖല : ശാസ്ത്രം
കാലം : ദീർഘം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്തുക. | ശാസ്ത്ര തത്വങ്ങൾ എളുപ്പം മനസ്സിലാക്കുവാൻ ഉപകരിക്കുന്ന രസകരമായ ലഘുപരീക്ഷണങ്ങൾ കുട്ടികൾ തന്നെ അവതരിപ്പിക്കുന്നു. | മാസത്തിൽ 1 വീതം | എസ്.ആർ.ജി. | --- |

# സയൻസ് (ബയോളജി)

## പ്രവർത്തനം - 1

പ്രവർത്തനത്തിന്റെ പേര് : ഹെൽത്ത് കോർണർ
ഉപമേഖല : ജീവശാസ്ത്രം
കാലം : ദീർഘം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളിൽ ആരോഗ്യ സംരക്ഷണ തത്പരത വർദ്ധിപ്പിക്കുക. | ആരോഗ്യപരമായ വിവരങ്ങൾ, പാലിക്കേണ്ടതായ ആരോഗ്യശീലങ്ങൾ, ഡയറ്റ് എന്നിവയുടെ ചാർട്ടുകൾ, വെയ്റ്റ്, ഹൈറ്റ് എന്നിവ കണക്കാക്കുന്നതിനുള്ള ഉപകരണങ്ങൾ എന്നിവ ക്രമീകരിച്ച ഒരിടം സ്കൂളിൽ സജ്ജമാക്കി പ്രതിവാരം അവ പരിശോധിക്കാനും രേഖപ്പെടുത്താനും കുട്ടികളോട് നിർദ്ദേശിക്കുന്നു. | പ്രതിവാരം | സയൻസ് ക്ലബ്ബ്, സയൻസ് അധ്യാപകർ | **1000/-** (എസ്.ആർ.ജി.) |

## പ്രവർത്തനം - 2

പ്രവർത്തനത്തിന്റെ പേര് : ശാസ്ത്രോത്സവം
ഉപമേഖല : ജീവശാസ്ത്രം
കാലം : ദീർഘം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്തുക. | കുട്ടികളുടെ നേതൃത്വത്തിൽ സയൻസുമായി ബന്ധപ്പെട്ട ചാർട്ടുകൾ, മോഡലുകൾ, സെമിനാറുകൾ, ക്വിസ് മത്സരങ്ങൾ എന്നിവ ഉൾപ്പെടുത്തി ശാസ്ത്രോത്സവം സംഘടിപ്പിക്കുന്നു. | വർഷത്തിൽ 1 തവണ | സയൻസ് ക്ലബ്ബ്, സയൻസ് അധ്യാപകർ | -- |

## പ്രവർത്തനം - 3

പ്രവർത്തനത്തിന്റെ പേര് : ജീവശാസ്ത്രയാത്രകൾ
ഉപമേഖല : ജീവശാസ്ത്രം
കാലം : ദീർഘം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്തുക, പരിസ്ഥിതി ബോധം വളർത്തുക. | മൃഗശാലകൾ, ബയോളജിക്കൽ പാർക്കുകൾ, ബൊട്ടാണിക്കൽ ഗാർഡൻ എന്നിവ സന്ദർശിക്കുന്നതിലൂടെ ജീവശാസ്ത്ര പഠനത്തിലുള്ള അഭിരുചി കുട്ടികളിൽ വർദ്ധിപ്പിക്കുന്നു. | വർഷത്തിൽ 1 തവണ | സയൻസ് ക്ലബ്ബ്, സയൻസ് അധ്യാപകർ | -- |

# കലാവിദ്യാഭ്യാസം

## പ്രവർത്തനം - 1

പ്രവർത്തനത്തിന്റെ പേര് : **കലാകേളി**

മേഖല/ഉപമേഖല : അക്കാദമികം/ കലാവിദ്യാഭ്യാസം

കാലം : മധ്യമം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കലാ വാസനകൾക്ക് പരിപോഷണം | കലകളുടെ പരിശീലനത്തിനായി കലാകേളി എന്ന പേരിൽ കുട്ടികൾക്കായി പരിശീലന കേന്ദ്രം സ്ഥാപിക്കൽ. അവധി ദിവസങ്ങളിൽ പരിശീലനം. വേനലവധിക്ക് ചിത്രകലാ പരിശീലന കളരികൾ സംഘടിപ്പിക്കൽ | അവധി ദിവസങ്ങൾ | ആർട്ട്സ് ക്ലബ്ബ്, എസ്.ആർ.ജി | **20000/- പി.ടി.എ.** |

## പ്രവർത്തനം - 2

പ്രവർത്തനത്തിന്റെ പേര് : **ചലച്ചിത്രപ്രദർശനം**

മേഖല/ഉപമേഖല : അക്കാദമികം/ കലാവിദ്യാഭ്യാസം

കാലം : മധ്യമം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സിനിമ എന്ന കലയെക്കുറിച്ച് അവബോധം സൃഷ്ടിക്കൽ | ക്ലാസിക് സിനിമകളുടെയും, മികച്ച ഷോർട്ട് ഫിലിമുകളുടെയും പ്രദർശനം സംഘടിപ്പിക്കുന്നു. | ഒഴിവ് സമയങ്ങൾ (മാസത്തിൽ ഒരു തവണ) | ഫിലിം ക്ലബ്ബ്, ലിറ്റിൽകൈറ്റ്സ്, SITC, HM | - |

# കായികവിദ്യാഭ്യാസം

# കായികവിദ്യാഭ്യാസം

## പ്രവർത്തനം - 1

പ്രവർത്തനത്തിന്റെ പേര് : **ഗ്രൗണ്ട് ഒരുക്കൽ**

മേഖല/ഉപമേഖല : അക്കാദമികം/ കായികവിദ്യാഭ്യാസം

കാലം : മധ്യമം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കായിക പരിശീലനം കാര്യക്ഷമമാക്കുന്നതിനായി സ്കൂൾ ഗ്രൗണ്ട് മെച്ചപ്പെടുത്തൽ | മികച്ച ബാഡ്മിൻൺ കോർട്ട്, ഫുട്ബോൾ ഗ്രൗണ്ട്, ക്രിക്കറ്റ് പിച്ച് എന്നിവ തയ്യാറാക്കൽ | 1 വർഷം | പ്രഥമാധ്യാപിക, എസ്.ആർ.ജി., പി.ടി.എ., മാനേജ്മെന്റ് | 25000/- സ്പോൺസർഷിപ്പ് |

## പ്രവർത്തനം - 2

പ്രവർത്തനത്തിന്റെ പേര് : **കായിക പരിശീലനം**

മേഖല/ഉപമേഖല : അക്കാദമികം/ കായികവിദ്യാഭ്യാസം

കാലം : മധ്യമം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കായിക പരിശീലനം കാര്യക്ഷമമാക്കൽ | രാവിലെയും വൈകുന്നേരവും കായിക പരിശീലനത്തിനുള്ള സംവിധാനം. അവധിക്കാലങ്ങളിൽ കായിക പരിശീലന ക്യാമ്പുകൾ | ആഴ്ചയിൽ 2 ദിവസം | കായിക അധ്യാപകൻ, പി.ടി.എ. | 10000/- സ്പോൺസർഷിപ്പ് |

# അക്കാദമികമായ ഇതര പ്രവർത്തനങ്ങൾ

## പ്രവർത്തനം -1

പ്രവർത്തനത്തിന്റെ പേര് : മെഡിക്കൽ ക്യാമ്പ്
മേഖല/ഉപമേഖല : അക്കാദമികം
കാലം : മധ്യമം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആരോഗ്യമുള്ള സമൂഹത്തെ രൂപപ്പെടുത്തൽ | വർഷത്തിൽ രണ്ട് പ്രാവശ്യം കുട്ടികൾക്കും രക്ഷിതാക്കൾക്കും സമഗ്രമായ വൈദ്യപരിശോധന നടത്തും. | വർഷത്തിൽ 2 തവണ | ഹെൽത്ത് ക്ലബ്ബ്, എച്ച്.എം., പി.ടി.എ. | **5000/- സ്പോൺസർ ഷിപ്പ്** |

## പ്രവർത്തനം - 2

പ്രവർത്തനത്തിന്റെ പേര് : ഇൻഷുറൻസ് പരിരക്ഷ
മേഖല/ഉപമേഖല : അക്കാദമികം
കാലം : മധ്യമം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിദ്യാർത്ഥികൾക്ക് സുരക്ഷയൊരുക്കൽ | മുഴുവൻ വിദ്യാർത്ഥികൾക്കും ഇൻഷുറൻസ് പരിരക്ഷയൊരുക്കൽ | വർഷത്തിൽ 1 തവണ | എച്ച്.എം., പി.ടി.എ. | **10000/- സ്പോൺസർ ഷിപ്പ്** |

## പ്രവർത്തനം - 3

പ്രവർത്തനത്തിന്റെ പേര് : ജൈവവൈവിധ്യ പാർക്ക്
മേഖല/ഉപമേഖല : അക്കാദമികം
കാലം : ദീർഘം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പ്രകൃതിയെ അടുത്തറിയാൻ അവസരമൊരുക്കുക | സ്കൂളിൽ സൗകര്യപ്രദമായ സ്ഥലത്ത് ജൈവവൈവിധ്യ പാർക്ക് നിർമ്മിക്കൽ . മത്സ്യക്കൃഷി, പൂന്തോട്ടം, പച്ചക്കറിത്തോട്ടം മുതലായവ ഉൾപ്പെടുത്തൽ | വർഷത്തിൽ 1 പ്രാവശ്യം | എസ്. ആർ.ജി., നേച്ചർ ക്ലബ് | **25000/- സ്പോൺസർ ഷിപ്പ്** |

## പ്രവർത്തനം - 4

പ്രവർത്തനത്തിന്റെ പേര് : ക്ലാസ് പി.ടി.എ. സജീവമാക്കൽ
മേഖല/ഉപമേഖല : അക്കാദമികം
കാലം : ഹ്രസ്വം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളുടെ പഠനം കൂടുതൽ മെച്ചപ്പെടുത്തൽ | ക്ലാസ് പി.ടി.എ. കൃത്യമായ അജണ്ട വെച്ച് പ്രതിമാസം ചേരൽ, പഠന പുരോഗതി പരിശോധിക്കൽ, മികവുകളുടെ അവതരണം, പൊതു ചർച്ച എന്നിവ | പ്രതിമാസ പ്രവർത്തനം | ക്ലാസ് ടീച്ചർ, എസ്.ആർ.ജി | --- |

## പ്രവർത്തനം - 5

പ്രവർത്തനത്തിന്റെ പേര് : പോഷകാഹാര പരിപാടി
മേഖല/ഉപമേഖല : അക്കാദമികം
കാലം : ഹ്രസ്വം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആരോഗ്യമുള്ള ശരീരം പഠനത്തിന് അനിവാര്യം | ആഴ്ചയിൽ ഓരോ ദിവസവും വ്യത്യസ്ത മെനു വെച്ച് പോഷക സമൃദ്ധവും രുചികരവുമായ ഉച്ചഭക്ഷണം നൽകൽ | എല്ലാ പ്രവൃത്തി ദിവസങ്ങളിലും | ഉച്ചഭക്ഷണ ചുമതലയുള്ള ടീച്ചർ, എച്ച്.എം., ഫുഡ് ക്ലബ് | നൂൺ മീൽ ഫണ്ടും സ്പോൺസർഷിപ്പും |

## പ്രവർത്തനം - 6

പ്രവർത്തനത്തിന്റെ പേര് : ഗവേഷണ പ്രോജക്ടുകൾ
മേഖല/ഉപമേഖല : അക്കാദമികം
കാലം : മധ്യമം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിദ്യാലയത്തിലെയും ചുറ്റുമുള്ള പ്രദേശത്തെയും പൊതുവായ പ്രശ്നങ്ങൾ കണ്ടെത്തി പരിഹരിക്കുന്നതിന് ഉപകരിക്കുന്ന ഗവേഷണങ്ങൾ | പൂർവ്വ വിദ്യാർത്ഥികൾ, ചുറ്റുപാടുമുള്ള വിദ്യാർത്ഥികൾ, സാമ്പത്തിക, പഠന പിന്നോക്കാവസ്ഥയുള്ളവർ , കാർഷിക രീതികൾ എന്നിവയുടെ ഡേറ്റാ ബുക്ക് തയ്യാറാക്കൽ, സ്കൂളിൽ മെച്ചപ്പെടുത്തേണ്ട വിഷയങ്ങൾ കണ്ടെത്തൽ | വർഷത്തിൽ ഒരു തവണ | എസ്.ആർ.ജി. പി.ടി.എ., എം.പി.ടി.എ., വിദ്യാർത്ഥി കൂട്ടായ്മ | |

# ഭൗതിക പ്രവർത്തനങ്ങൾ

## പ്രവർത്തനം - 1

പ്രവർത്തനത്തിന്റെ പേര് : ഓഫീസ് ഡിജിറ്റലൈസേഷനും ജനറേറ്റർ സ്ഥാപിക്കലും

മേഖല/ഉപമേഖല : ഭൗതികം

കാലം : മധ്യമം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഓഫീസ് സേവനം സുഗമമായി ലഭ്യമാക്കൽ വൈദ്യുത തടസം വരാതെ വിദ്യാലയ പ്രവർത്തനങ്ങൾ നടത്തൽ | വിദ്യാലയത്തിലെ രേഖകൾ ഡിജിറ്റൽ രൂപത്തിലേക്ക് മാറ്റി സൂക്ഷിക്കുന്നതിനും ആവശ്യമായ വിവരം വേഗത്തിൽ ലഭ്യമാക്കുന്നതിനുമുള്ള സംവിധാനം, വിദ്യാലയ പ്രവർത്തനം വൈദ്യുത തടസ്സമില്ലാതെ നടക്കാൻ ശബ്ദരഹിത ജനറേറ്റർ സംവിധാനം | ഒരു വർഷം | സ്കൂൾ മാനേജ്മെൻറ്, അധ്യാപക സമിതി | 2 ലക്ഷം (സ്പോൺസർഷിപ്പ്) |

## പ്രവർത്തനം - 2

പ്രവർത്തനത്തിന്റെ പേര് : മാലിന്യ സംസ്കരണവും ബയോഗ്യാസ് പ്ലാൻറ്

മേഖല/ഉപമേഖല : ഭൗതികം

കാലം : മധ്യമം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശുചിത്വമുള്ള അന്തരീക്ഷമൊരുക്കൽ, മാലിന്യത്തെ ഊർജ്ജമാക്കി മാറ്റൽ | ജൈവമാലിന്യങ്ങളെ ബയോഗ്യാസ് പ്ലാൻറ് നിർമ്മിച്ച് പാചകത്തിനുള്ള ഊർജ്ജമാക്കി മാറ്റൽ. അജൈവ മാലിന്യങ്ങളെ വേർതിരിച്ച് സംസ്കരിക്കുന്നതിനുള്ള സംവിധാനമൊരുക്കൽ. | ഒരു വർഷം | സ്കൂൾ മാനേജ്മെൻറ്, അധ്യാപക സമിതി, പി.ടി.എ. | 2 ലക്ഷം (സ്പോൺസർഷിപ്പ്) |

# സാമൂഹികമായ പ്രവർത്തനങ്ങൾ

## പ്രവർത്തനം - 1

പ്രവർത്തനത്തിന്റെ പേര് : രക്ഷിതാക്കൾക്ക് ഇ- സാക്ഷരത കമ്പ്യൂട്ടർ പരിശീലനം

മേഖല/ഉപമേഖല : സാമൂഹികം

കാലം : ഹ്രസ്വം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിദ്യാലയ വിഭവങ്ങൾ സമൂഹവുമായി പങ്കുവെയ്ക്കൽ | വൈകുന്നേരങ്ങളിലും അവധി ദിവസങ്ങളിലും അമ്മമാർക്ക് കമ്പ്യൂട്ടർ ലാബിൽ പരിശീലനം | ആഴ്ചയിൽ 2 ദിവസം | ലിറ്റിൽകൈറ്റ്സ്, എച്ച്.എം., എസ്.ഐ.ടി.സി. | ------- |

## പ്രവർത്തനം - 2

പ്രവർത്തനത്തിന്റെ പേര് : വിദ്യാലയ വാർത്താ ചാനൽ

മേഖല/ഉപമേഖല : സാമൂഹികം

കാലം : ഹ്രസ്വം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിദ്യാലയ പ്രവർ ത്തനങ്ങൾ പൊതുസമൂഹത്തെ അറിയിക്കൽ | വിദ്യാലയത്തിന്റെ യൂട്യൂബ് ചാനൽ വഴി സ്കൂൾ പ്രവർ ത്തനങ്ങളുടെ വാർ ത്തകളും പരിപാടികളും അവതരിപ്പിക്കൽ | പ്രതിവാരം | എസ്.ഐ.ടി.സി ., ലിറ്റിൽ കൈറ്റ്സ്, പ്രഥമാധ്യാപിക | ------- |

## പ്രതീക്ഷിത നേട്ടങ്ങൾ

- വിദ്യാർത്ഥി സൗഹൃദപരമായ മികച്ച പഠനാന്തരീക്ഷം ഒരുക്കുന്നു.
- സ്കൂൾ സമൂഹത്തോടൊപ്പം എന്ന ആശയം പ്രാവർത്തികമാകുന്നു.
- വിദ്യാലയത്തിൽ പ്രവേശനം നേടുന്ന കുട്ടികളുടെ എണ്ണത്തിൽ വർദ്ധനവ്
- ഇൻഡ്യൻ ഭരണഘടന അനുശാസിക്കുന്ന മൗലിക കടമകളും ബോധവുമുള്ള തലമുറയെ വാർത്തെടുക്കാൻ കഴിയുന്നു.
- വിദ്യാഭ്യാസമേഖലയിലെ ആശാസ്യമല്ലാത്ത പ്രവർത്തനങ്ങളെ തടയാൻ കഴിയുന്നു.

## മോണിട്ടറിംഗ്


- ഉദ്യോഗസ്ഥ തലത്തിലുള്ള മോണിട്ടറിംഗ് സ്കൂൾ തലത്തിൽ ശക്തമാക്കുന്നു.
- സോഷ്യൽ മോണിട്ടറിംഗ് രീതി നടപ്പിലാക്കുന്നു. (പി.ടി.എ., എം.പി.ടി.എ., എസ്.ആർ.ജി. മുതലായവയുടെ നേതൃത്വത്തിൽ).
- ദൈനംദിന മോണിട്ടറിംഗ് സംവിധാനം. (പ്രിൻസിപ്പാൾ/എച്ച്.എം, എസ്.ആർ.ജി. കൺവീനർ, പി.ടി.എ.)

## ഉപസംഹാരം

മാനവിക മൂല്യങ്ങൾക്ക് ച്യുതി സംഭവിച്ചുകൊണ്ടിരിക്കുന്ന ഈ കാലത്ത് സമൂഹത്തിൽ മൂല്യബോധമുള്ള തലമുറയെ വാർത്തെടുക്കേണ്ട ഉത്തരവാദിത്തം വിദ്യാഭ്യാസ മേഖലയ്ക്ക് ഉണ്ട്. മനുഷ്യനെ മനുഷ്യത്വമുള്ളവനാക്കുവാൻ വിദ്യക്കു മാത്രമേ കഴിയുകയുള്ളു. നമുക്ക് മാർഗ്ഗദർശനമേകിയ മഹാരഥന്മാരുടെ കാലടികളെ പിന്തുടർന്ന് വരും തലമുറയെ ശരിയായ വഴിയിലേക്ക് നയിച്ച് നന്മയുടെയും സാഹോദര്യത്തിന്റെയും സഹജീവി സ്നേഹത്തിന്റെയും പുതുലോകം തീർക്കുവാനും നമ്മുടെ വിദ്യാലയത്തിന്റെ പൈതൃകവും മാതൃകയും കാത്ത് സൂക്ഷിച്ചു കൂടുതൽ സംപുഷ്ടമാക്കുന്നതിനും ഈ വികസനരേഖ ഉപകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

**അനുബന്ധം** - 1


വിദ്യാലയത്തിന്റെ സ്കെച്ച്




H.S. BUILDING

**അനുബന്ധം** - 1


വിദ്യാലയത്തിന്റെ പ്ലാൻ




**അനുബന്ധം** - 1

**ഹാൾ, കിച്ചൺ പ്ലാൻ**




**അനുബന്ധം** - 1

വി.എച്ച്.എസ്.ഇ. ബിൽഡിംഗ് സ്കെച്ച്




## അനുബന്ധം - 1

## വി.എച്ച്.എസ്.ഇ. ബിൽഡിംഗ് പ്ലാൻ




**അനുബന്ധം** - 1

സ്കൂൾ സൈറ്റ് പ്ലാൻ



**അനുബന്ധം** - 1

ജൈവവൈവിധ്യ പാർക്ക് രൂപരേഖ



**അനുബന്ധം** - 2

## മികവുകൾ നേട്ടങ്ങൾ

## ഹൈസ്കൂൾ

- കഴിഞ്ഞ തുടർച്ചയായ 18 വർഷങ്ങളായി എസ്.എസ്.എൽ.സി. പരീക്ഷയിൽ 100% വിജയം കരസ്ഥമാക്കുവാൻ കഴിഞ്ഞു.
- കലാകായിക ശാസ്ത്രമേളകളിൽ ഉപജില്ല, ജില്ലാ, സംസ്ഥാന തലങ്ങളിൽ വിജയം കൈവരിച്ചു.
- സ്കോളർഷിപ്പ് പരീക്ഷകളിൽ മികച്ച വിജയം കൈവരിക്കുന്നു.
- ലിറ്റിൽ കൈറ്റ്സ് ക്ലബ്ബിന്റെ നേതൃത്വത്തിലുള്ള ഐ.ടി. പരിശീലനങ്ങളിലൂടെ കുട്ടികൾ ജില്ലാ തലത്തിൽ ഐ.ടി. മേഖലയിൽ വളരെ മികവ് പുലർത്തുന്നു.
- കുട്ടികളുടെ എണ്ണത്തിൽ ഗണ്യമായ വർദ്ധനവ് നേടാൻ കഴിഞ്ഞു.

## വി.എച്ച്.എസ്.ഇ.

- വി.എച്ച്.എസ്.ഇ. പരീക്ഷാ ഫലങ്ങളിൽ പത്തനംതിട്ട ജില്ലയിലെ മികച്ച വിജയം നേടാൻ കഴിഞ്ഞു.
- ഈ സ്കൂളിലെ എൻ.എസ്.എസ്. യൂണിറ്റ് പത്തനംതിട്ട ജില്ലയിലെ മികച്ച യൂണിറ്റിനുള്ള അവാർഡ് കരസ്ഥമാക്കി.
- കലാകായിക ശാസ്ത്രമേളകളിൽ ഉപജില്ല, ജില്ലാ, സംസ്ഥാന തലങ്ങളിൽ വിജയം കൈവരിച്ചു.

**അനുബന്ധം** - 3

## കുട്ടികളുടെ എണ്ണം

ഹൈസ്കൂൾ

| | | |
|---|---|---|
| ആകെ കുട്ടികൾ | - | 147 |
| ആൺകുട്ടികൾ | - | 90 |
| പെൺകുട്ടികൾ | - | 57 |
| പട്ടികജാതി | - | 50 |
| ആൺകുട്ടികൾ | - | 23 |
| പെൺകുട്ടികൾ | - | 27 |
| പട്ടികവർഗ്ഗം | - | 0 |
| ആൺകുട്ടികൾ | - | 0 |
| പെൺകുട്ടികൾ | - | 0 |
| മുസ്ലീം | - | 9 |
| ആൺകുട്ടികൾ | - | 6 |
| പെൺകുട്ടികൾ | - | 3 |
| മറ്റ് ന്യൂനപക്ഷ സമുദായം | - | 34 |
| ആൺകുട്ടികൾ | - | 21 |
| പെൺകുട്ടികൾ | - | 13 |
| ഒ.ബി.സി. | - | 31 |
| ആൺകുട്ടികൾ | - | 21 |
| പെൺകുട്ടികൾ | - | 10 |
| എ.പി.എൽ | - | 51 |
| ആൺകുട്ടികൾ | - | 38 |
| പെൺകുട്ടികൾ | - | 13 |
| ബി.പി.എൽ. | - | 96 |
| ആൺകുട്ടികൾ | - | 52 |
| പെൺകുട്ടികൾ | - | 44 |

**അനുബന്ധം** - 4

## അധ്യാപകർ അനധ്യാപകർ

## ഹൈസ്കൂൾ

**അധ്യാപകർ**

| ക്രമ. നം. | പേര് | തസ്തിക | യോഗ്യത |
|---|---|---|---|
| 1 | ഷീബാ കുരുവിള | ടീച്ചർ ഇൻ ചാർജ്ജ്<br>എച്ച്.എസ്.എ. സോഷ്യൽ സയൻസ് | ബി.എ., എം.എഡ്. |
| 2. | ബിബിൻ ജോസ് മാത്യൂ | എച്ച്.എസ്.എ. ഫിസിക്കൽ സയൻസ് | എം.എസ്.സി., ബി.എഡ്., കെ-ടെറ്റ് |
| 3. | ജൂലി ജോൺ | എച്ച്.എസ്.എ. നാച്ചുറൽ സയൻസ് | എം.എസ്.സി., ബി.എഡ്. |
| 4. | ജയലക്ഷ്മി. ജെ. | എച്ച്.എസ്.എ. ഇംഗ്ലീഷ് | എം.എ., ബി.എഡ്., സെറ്റ് |
| 5. | രാകേഷ്. ആർ. | എച്ച്.എസ്.എ. മലയാളം | എം.എ., ബി.എഡ്., നെറ്റ് |
| 6. | ശ്രീജിത്ത്.എസ്.ചന്ദ്രൻ | എച്ച്.എസ്.എ. സംസ്കൃതം | എം.എ., ബി.എഡ്., സെറ്റ് |
| 7. | നീതു വി. | എച്ച്.എസ്.എ. ഹിന്ദി | എം.എ., ബി.എഡ്., കെ-ടെറ്റ് |
| 8. | റിൻസി ജോയ് | എച്ച്.എസ്.എ. സോഷ്യൽ സയൻസ് | ബി.എ., ബി.എഡ്., കെ-ടെറ്റ് |
| 9 | ബീന വി. എസ്. | എച്ച്.എസ്.എ., മാത്തമാറ്റിക്സ്<br>(പ്രൊട്ടക്റ്റഡ് ടീച്ചർ) | എം.എസ്.സി, ബി.എഡ്. |

**അനധ്യാപകർ**

| ക്രമ. നം. | പേര് | തസ്തിക | യോഗ്യത |
|---|---|---|---|
| 1. | ലാലി തോമസ് | ക്ലാർക്ക് | ബി.എ., ബി.എഡ്. |
| 2. | ജിജോ ജോൺ | ഒ.എ. | വി.എച്ച്.എസ്.ഇ. |
| 3 | ബിനു വർഗ്ഗീസ് | ഒ.എ. | പ്രീഡിഗ്രി |
| 4. | രഞ്ജിത്ത്. ഇ. ജേക്കബ് | എഫ്.ടി.എം. | പ്ലസ് ടു |

അനുബന്ധം - 5

# നിലവിലെ കമ്മിറ്റികൾ

## ഹൈസ്കൂൾ

- പി.ടി.എ.
- എം.പി.ടി.എ.
- എസ്.എം.സി.
- എസ്.ആർ.ജി.
- വിദ്യാലയ ജാഗ്രതാ കമ്മിറ്റി

അനുബന്ധം - 6

# ക്ലബ്ബുകൾ

## ഹൈസ്കൂൾ

- ലിറ്റിൽ കൈറ്റ്സ്
- ജെ.ആർ.സി.
- വിമുക്തി ക്ലബ്
- ഇക്കോക്ലബ്
- വിദ്യാരംഗം
- സംസ്കൃത അക്കാദമിക് കൗൺസിൽ
- സോഷ്യൽസയൻസ് ക്ലബ്ബ്
- ജി.കെ. ക്ലബ്
- നല്ലപാഠം ക്ലബ്
- ഫിലിം ക്ലബ്
- ടൂർ ക്ലബ്